# CHAPTERWISE ANSWER KEY

**Class X** | **MALAYALAM** | **Time : 1½ hr**

## ലക്ഷ്മണസ്വാന്തനം

**Marks : 50**

**I.** 1) ആധുനിക മലയാളഭാഷയുടെ പിതാവ്, കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്, ഭക്തിപ്രസ്ഥാനത്തിന്റെ പ്രോക്താവ് തുടങ്ങിയ നിലകളിൽ വിശേഷിപ്പിക്കപ്പെടുന്ന

2) അധ്യാത്മരാമായണം, ശ്രീമഹാഭാരതം, ശ്രീമഹാഭാഗവതം, ഹരിനാമകീർത്തനം മുതലായവയാണ് പ്രധാന കൃതികൾ.

3) കിളിയെക്കൊണ്ട് കഥ പാടിക്കുന്ന രീതിയിൽ കാവ്യം രചിക്കുന്നതിനാലാണ് "കിളിപ്പാട്ട്" എന്ന പേരു വന്നത്.

4) അധ്യാത്മരാമായണം, ശ്രീമഹാഭാരതം, ശ്രീഭാഗവതം തുടങ്ങിയവയാണ് പ്രധാന കിളിപ്പാട്ടുകൾ.

5) കേരളീയരെ ഈ ഭക്തിഭാവത്തിലെത്തിച്ച് ഐക്യപ്പെടുത്തുകയായിരുന്നു എഴുത്തച്ഛന്റെ പ്രധാന ലക്ഷ്യം.

**5 × 2 = 10**

**II.** 1. പൊങ്ങുതടി, വിസർജ്ജ്യം

2. പാന്ഥ

3. അസ്ഥിരം

4. കണ്ണ്

5. വല്ലഭ

6. ഋതം

7. സഹോദരൻ

8. തവള

9. അനലൻ

10. പാന്ഥർ

**III.** 1. a) കാലത്തിന്റെ

b) പാമ്പ്,

2. a) ചഞ്ചലം

b) യൗവ്വനം

3. a) ജീവിതം

b) കുടുംബജീവിതത്തിന്റെ ക്ഷണികത

4. a) മർത്ത്യജന്മം

b) ഭോഗങ്ങളെ

IV. 1. a. സമ്പത്ത്

b. ആമ്രേഡിതം

c. ബ്രാഹ്മണഃ + അഹം

d. മനുഷ്യർ

2. a) ഭാര്യാസുഖം

b) വിനയം

c) സംസാരം

d) മനുഷ്യർക്ക്

3. a) മനസ്താപം

b) നൃണാം

c) മനഃ + താപം

d) ബുധജനം

4. a) ആയുസ്സ്

b) ദേഹം നിമിത്തം

c) അന്ത്യപ്രാസം,

d) മലയാളത്തിനു പ്രാധാന്യമുള്ള മണിപ്രവാളം

V. i) എഴുത്തച്ഛനാൽ അദ്ധ്യാത്മരാമായണം രചിക്കപ്പെട്ടു.

ii) വഴിയമ്പലങ്ങൾ ക്ഷീണിതരാൻ നിറയപ്പെട്ടു.

b) i) **അംഗ** - കാലത്തിന്റെ വായിൽ മരണത്തിന് മുമ്പിലിരിക്കുമ്പോഴും

**അംഗി** - ലൗകിക സുഖങ്ങൾക്കുവേണ്ടി അന്വേഷിക്കുകയാണ് മനുഷ്യർ.

ii) **അംഗ** - ചുട്ടുപഴുത്ത ലോഹത്തിൽ പതിക്കുന്ന വെള്ളത്തുള്ളിപോലെ

**അംഗി** - മനുഷ്യായുസ് വളരെ വേഗം നശിച്ചുപോകും.

VI. 1. എഴുത്തച്ഛൻ പ്രയോഗിച്ചിട്ടുള്ള ഏറ്റവും മനോഹരമായ ഉപമയാണിത്. വലിയൊരു ആശയപ്രപഞ്ചത്തെ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ പ്രയോഗം മൂലഗ്രന്ഥത്തിലില്ലതാനും. എഴുത്തച്ഛന്റെ ഭാവനയിൽ വിരിഞ്ഞതാണ് ഈ പ്രയോഗം. താൻ വിവരിക്കാൻ പോകുന്ന വസ്തുതയെ അനുയോജ്യമായ ദൃശ്യങ്ങളുപയോഗിച്ച് വർണ്ണിക്കുമ്പോഴാണ് ചമല്ക്കാരം ഉണ്ടാകുന്നത്. വഴിയാത്രക്കാർ ക്ഷീണമകറ്റാനായി വഴിയമ്പലത്തിൽ എത്തുകയും ക്ഷീണം മാറിക്കഴിയുമ്പോൾ താന്താങ്ങളുടെ വഴിക്കുപോവുകയും ചെയ്യുന്നതുപോലെയും, നദിയിലൂടെ ഒഴുകിവരുന്ന പൊങ്ങുതടികൾ ഒഴുക്കിന്റെ ഗതിക്കനുസരിച്ച് എങ്ങും തങ്ങാതെ ഒഴുകിപ്പോകുന്നതുപോലെയുമാണ് മനുഷ്യർക്ക് വീടിനോടുള്ള ബന്ധം. ആലയസംഗമത്തിന്റെ ക്ഷണികത വർണ്ണിക്കുവാനാണ് കവി ഈ ഉപമ പ്രയോഗിച്ചിരിക്കുന്നത്. ജന്മജന്മാന്തരങ്ങളിലൂടെയുള്ള ജീവിതയാത്രയിൽ – ജീവിതമെന്ന വഴിയാത്രയിൽ – മനുഷ്യർ യാത്രികരാണെന്നും യാത്ര ചെയ്തു ക്ഷീണിക്കുമ്പോൾ വിശ്രമിക്കാനുള്ള വഴിയമ്പലങ്ങളാണ് കുടുംബം എന്നും ഉള്ള തത്ത്വചിന്ത ആദ്യ രണ്ടുവരികളിൽ കാണാം. നദിയിലൂടെ ഒഴുകുന്ന പൊങ്ങുതടികൾക്ക് ഒഴുക്കിനനുസരിച്ച് നീങ്ങുകയേ ഗതി

യുള്ളു. വിധിയുടെയും കാലത്തിന്റെയും നിശ്ചയത്തിനനുസരിച്ച് ജീവിക്കുക മാത്രമേ മനുഷ്യന് കരണീയമായിട്ടു ള്ളു.

2. മനുഷ്യർ തങ്ങളിലും രാജ്യങ്ങൾ തമ്മിലും കലഹം വർദ്ധിച്ചുവരുന്നതായി കാണുന്നു. തുടർന്ന് അക്രമങ്ങളും അതിനോടനുബന്ധിച്ച് കൊലപാതകങ്ങളും ഇന്ന് സർവ്വസാധാരണമായിരിക്കുന്നു. ഇതിനെല്ലാം കാരണം ക്രോധം അഥവാ കോപമാണ്.

കാമക്രോധലോഭമോഹാദികൾ മനുഷ്യന്റെ ശത്രുക്കളാകുന്നു. ഇതിൽ നമ്മുടെ മുക്തിക്കു വിഘ്നം വരുത്തുന്നത് ക്രോധമാണ്. അച്ഛനമ്മമാരെയും സഹോദരങ്ങളെയും സുഹൃത്തുക്കളെയും സ്വന്തം ഭാര്യയെപ്പോലും ക്രോധംകൊണ്ട് മനുഷ്യൻ ഇല്ലായ്മ ചെയ്യുന്നു.

നാട്ടിൽ നടക്കുന്ന ഓരോ അതിക്രമങ്ങൾക്കു പിന്നിലും പെട്ടെന്നുണ്ടാകുന്ന ക്രോധമാണ് കാരണ മെന്ന് മനസ്സിലാക്കാവുന്നതാണ്. ക്രോധം എന്നും നമുക്ക് മനസ്താപമുണ്ടാക്കുകയാണ് ചെയ്യുന്നത്. മാത്രമല്ല നമ്മുടെ ജീവിതത്തിൽ പ്രതിസന്ധിയുണ്ടാക്കുന്നതും ധർമ്മനാശങ്ങൾക്ക് കാരണമാകുന്നതും ക്രോധമാണ്.

നല്ലയാളുകൾ ക്രോധത്തിന് വശംവദരാകരുത്. എന്തു പ്രതിസന്ധിയുണ്ടായാലും അത് സമചിത്ത തയോടെ നേരിടണം. അറിവുള്ളവർ ക്രോധം ഉപേക്ഷിച്ച് മാതൃക കാട്ടിയാൽ മറ്റുള്ളവർക്കും അത് പ്രയോജനപ്പെടും. ക്രോധംകൊണ്ട് കലിതുള്ളി നിൽക്കുന്നവരെ നേർവഴിക്ക് നയിക്കാനും നല്ല ആളു കൾക്കേ കഴിയൂ. അങ്ങനെ നമ്മുടെ നാട്ടിലുണ്ടായിക്കൊണ്ടിരിക്കുന്ന അനിഷ്ട സംഭവങ്ങൾക്ക്

3. മനുഷ്യജീവിതത്തിന്റെ ഒരു ചിത്രമാണ് ഇവിടെ കാണുന്നത്. പാമ്പിന്റെ വായിലകപ്പെട്ട തവളയുടെ മരണം സുനിശ്ചിതമാണ്. ഇതറിഞ്ഞിട്ടും ആർത്തിയടങ്ങാതെ തവള ഭക്ഷണത്തി നായി കരയുന്നു. ആർത്തിയോടെ സമ്പാദിച്ചുകൂട്ടുകയും സുഖങ്ങൾക്കു പിന്നാലെ പരക്കം പായുകയും ചെയ്യുന്ന മനുഷ്യരുടെ അവസ്ഥയാണ് കവി ഇവിടെ ആവിഷ്കരിക്കുന്നത്. കാലം പാമ്പിനെപ്പോലെയാണ് ഇഴഞ്ഞു നീങ്ങുന്നത്. പാമ്പ് ഇരയെ വിഴുങ്ങുന്നത് വളരെ പതുക്കെ യാണ്. കാലമാകുന്ന പാമ്പ് ഇഴഞ്ഞിഴഞ്ഞു നീങ്ങുന്നതും ഇരകളായ നമ്മളെ വിഴുങ്ങുന്നതും നാം അറിയുന്നില്ല. മരണം വരുമ്പോൾ മാത്രമാണ് നാം അതിനെക്കുറിച്ച് ചിന്തിക്കുന്നത്. കാലമാകുന്ന പാമ്പ് എന്ന പ്രയോഗം വളരെ അർത്ഥവത്താണ്. പൂർണ്ണമായി വിഴുങ്ങിത്തീരും വരെ പാമ്പിന്റെ വായിൽപ്പെട്ട തവള കരഞ്ഞുകൊണ്ടേയിരിക്കും, കാലത്തിന്റെ വായിൽ മരണ ത്തിന് മുമ്പിലിരിക്കുമ്പോഴും ലൗകികസുഖങ്ങൾക്കുവേണ്ടി അന്വേഷിക്കുകയാണ് മനുഷ്യർ.

4. പാഠസംഗ്രഹം

5. പാഠസംഗ്രഹം